DESPATCHED
On..17.12.21

30/11/2021




സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP No.869(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.6920/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കണ്ണൻ എസ്.,
ശിവഗീത്, പാട്ടത്തിൽ മുക്ക്,
വക്കം പി.ഒ., തിരുവനന്തപുരം-695308 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജില്ലാ ആഫീസർ, കെ.പി.എസ്.സി. ജില്ലാ ആഫീസ്, തിരുവനന്തപുരം
2. അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി, അഡ്വൈസ് (ലിറ്റിഗേഷൻ), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.04.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26.06.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.08.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 12.10.2021 |
| ഹിയറിംഗ് തീയതി | 24.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കണ്ണൻ എസ്. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള തൃപ്തികരമായ മറുപടി രേഖകളോടൊപ്പം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 20.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് കേരള പി.എസ്.സി. ക്ഷണിക്കുന്ന സർജന്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും സർജന്റ് തസ്തികയിലേക്ക് By Transfer വഴി അപേക്ഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർ പ്രസ്തുത തസ്തികയുടെ ഗസറ്റ് കാലയളവിനുള്ളിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണമെന്ന വ്യവസ്ഥയുണ്ടോ എന്നും ഉണ്ടെങ്കിൽ അത് ഏത് വകുപ്പ് പ്രകാരം എവിടെയാണ് പരാമർശിച്ചിട്ടുള്ളതെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി 09.04.2021 ൽ നൽകിയ മറുപടിയിൽ ടിയാന്റെ ചോദ്യം 1,2,8,9 എന്നിവക്ക് മറുപടി നൽകിയതായി കാണുന്നു. എന്നാൽ ചോദ്യം 3,4,5,6,7 എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ചോദ്യം 8,9 എന്നിവ സംബന്ധിച്ച് അധിക വിവരങ്ങൾ ലഭ്യമാണെങ്കിൽ ആയത് സംബന്ധിച്ചും ടിയാന് നേരിട്ട് വിവര വിനിമയം നടത്തുവാനായി അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട കേരള

പബ്ളിക് സർവ്വീസ് കമ്മീഷന്റെ തിരുവനന്തപുരം, കൊല്ലം ജില്ലാ ഓഫീസ് എസ്.പി.ഐ.ഒ. മാർക്ക് കൈമാറിയതായി കാണുന്നു. തുടർന്ന് 19.04.2021 ൽ തിരുവനന്തപുരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നൽകിയ മറുപടിയിൽ അറിയിച്ചത്, ചോദ്യം 3, പി.എസ്.സി. യുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഗസറ്റ് വിജ്ഞാപനം പരിശോധിക്കുക എന്നും ചോദ്യം 4,5 cat. No. 436/2014 തസ്തികയിലേക്ക് തിരുവനന്തപുരം ജില്ലയിൽ By Transfer വഴി ആറു പോലീസ് ഉദ്യോഗസ്ഥർ നിയമതിരായിട്ടുണ്ടെന്നും ഒരു ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തിയില്ല എന്നും മറ്റൊരു ഉദ്യോഗാർത്ഥി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്കു ശേഷമാണ് പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കുന്നതെന്നും മൂന്നാം കക്ഷിയുടെ സർവ്വീസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് നൽകുവാൻ 2005 ലെ വിവരാവകാശ നിയമപ്രകാരം നിർവ്വാഹമില്ലെന്നും മറ്റുമാണ്. ആയതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ 31.08.2021 ലും 05.10.2021 ലും രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 20.03.2021 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 09.04.2021 ലും 19.04.2021 ലും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടിയാന്റെ 26.04.2021 ലെ അപ്പീൽ അപേക്ഷയിന്മേൽ 31.08.2021 ലും 05.10.2021 ലും രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടിയാന്റെ അപേക്ഷയിലെ 6,7 എന്നീ ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളതായുള്ള രേഖകൾ കമ്മീഷനിൽ ഹാജരാക്കിയതായി കാണുന്നില്ല. കൊല്ലം പി.എസ്.സി. ഓഫീസിലേക്ക്

ടിയാന്റെ അപേക്ഷ കൈമാറിയിതായി ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ. മൊഴി നൽകി. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടിയാന്റെ ചോദ്യം നമ്പർ 2 ന് നൽകിയ പരസ്പര വിരുദ്ധമായ മറുപടി ആയതിന്റെ നിലപാട് പരിശോധിച്ച് വ്യക്തമായി ടിയാന് മനസിലാകുന്ന രീതിയിൽ ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസങ്ങൾക്കുള്ളിൽ ഒന്നാം എതിർകക്ഷി ടിയാന് അയച്ചു നൽകേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp